(സി) ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

ജില്ല		തുക ലക്ഷത്തിൽ
തിരുവനന്തപുരം		820
കൊല്ലം		796
പത്തനംതിട്ട		755
ആലപ്പുഴ		887
കോട്ടയം		1175
ഇടുക്കി		727
എറണാകുളം		660
തൃശ്ശൂർ		775
പാലക്കാട്		1900
മലപ്പുറം		722
കോഴിക്കോട്		759
വയനാട്		804
കണ്ണൂർ		1024
കാസർഗോഡ്		752
	ആകെ	12556

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

സുനാമി ദുരന്തത്തിൽ അനാഥരായവർ

134 [1363] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും, നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽപ്പെട്ട് ഉറ്റോരും, ഉടയോരും നഷ്ടപ്പെട്ട അനാഥരായ എത്രപേർ സംസ്ഥാനത്തുണ്ടെന്നുള്ളതിന്റെ കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇവരിൽ സ്ത്രീകൾ എത്രയെന്നും പുരുഷൻമാർ എത്രയെന്നും കുട്ടികൾ എത്രയെന്നുമുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ദുരന്തത്തിൽ മാതാപിതാക്കളെ നഷ്ടപ്പെട്ട എത്ര കുട്ടികളുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) സുനാമി ദുരന്തത്തിൽപ്പെട്ട അനാഥരായ കുട്ടികളെ സംരക്ഷിക്കുവാൻ സർക്കാർ ഏതെങ്കിലും പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികളുടെ സംരക്ഷണത്തിനും അനാഥരായ കുട്ടികളുടെ സംരക്ഷണത്തിനും തമിഴ്നാട് സർക്കാർ ചെയ്തതുപോലെ ഓരോരുത്തരുടേയും പേരിൽ അഞ്ചുലക്ഷംരൂപ സർക്കാർ ഫിക്സഡ് ഡിപ്പോസിറ്റ് ചെയ്യുവാനും അവരുടെ ഭാവി ശോഭനമാക്കുവാനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനാഥരായവർ ആരും ഇല്ല.

(ബി) ബാധകമല്ല.

(സി) മൂന്നു കുട്ടികൾ (ആലപ്പുഴ രണ്ടും, കൊല്ലത്ത് ഒന്നും).

(ഡി) പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(ഇ) സുനാമിയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും അവകാശികൾക്കും നൽകേണ്ടതായ ധനസഹായം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കും ധനസഹായം ലഭിക്കുന്നതാണ്.

സുനാമി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതരെ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം

135 [1364] ശ്രീ. എം. വി. ജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതരിൽ എത്രപേർക്ക് എത്ര തുക വീതം വിതരണം ചെയ്തുവെന്ന് വിശദമാക്കുമോ;

(ബി) ആശ്രിതരെ നിർണ്ണയിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്താണ്;

(സി) ആശ്രിതരെ നിർണ്ണയിക്കുന്നതിന് വിവിധ ജില്ലകളിൽ വ്യത്യസ്ത മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അപ്രകാരം തീരുമാനിക്കാനുണ്ടായ കാരണമെന്താണ്;

(ഇ) ആശ്രിതരെ കണ്ടെത്താൻ കഴിയാത്തതുകാരണം എത്രപേർക്ക് ഇനിയും സഹായധനം വിതരണം ചെയ്യാനുണ്ട്;

(എഫ്) സാങ്കേതിക പ്രശ്നം ഒഴിവാക്കി മരണപ്പെട്ട മുഴുവൻപേരുടെയും ആശ്രിതർക്ക് സഹായധനം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly